<u>ഭരണഭാഷ-മാതൃഭാഷ</u>

നം. ബി/489/13

കില സെന്റർ ഫോർ ഓർഗാനിക്
ഫാമിംഗ് & വേസ്റ്റ് മാനേജ്മെന്റ്
തളിപ്പറമ്പ്, കരിമ്പം. പി.ഒ. 670142
ഫോൺ: 0460 2203216
Email: kilataliparamba@kila.ac.in
തീയ്യതി: 29-03-2019

പ്രേഷിതൻ

പ്രിൻസിപ്പാൾ
കില സെന്റർ ഫോർ ഓർഗാനിക്
ഫാമിംഗ് & വേസ്റ്റ് മാനേജ്മെന്റ്
(വികസന പരിശീലന കേന്ദ്രം)
തളിപ്പറമ്പ്

സ്വീകർത്താവ്

ഡയറക്ടർ
കില, തൃശ്ശൂർ

സർ,

വിഷയം: ഇ.ടി.സി. തളിപ്പറമ്പ് - ഗെയിൽ പൈപ്പ് ലൈൻ മുറിച്ചുമാറ്റപ്പെട്ട മരങ്ങളുടെ പുനഃർലേലം സംബന്ധിച്ച്.

സൂചന:
1. ഈ ആഫീസിലെ 28-2-18, 27.3.18, 5.5.18, 11.6.18 തീയ്യതികളിലെ ഇതേ നമ്പർ കത്ത്.
2. കണ്ണൂർ അസി: കൺസർവ്വേറ്റർ ഓഫ് ഫോറസ്റ്റിന്റെ 11.6.2018 തീയ്യതിയിലെ ജി-404/18(LDis) നമ്പർ കത്ത്.
3. ഈ അഫീസിലെ 4.2.19 തീയ്യതിയിലെ ഇതേ നമ്പർ കത്ത്.
4. ഗ്രാമവികസന കമ്മീഷണറുടെ 12.3.19 തീയ്യതിയിലെ 2526/എച്ച്&റ്റി2/19/സിആർഡി കത്ത്.

*****

മേൽ സൂചനയിലേക്ക് അങ്ങയുടെ ശ്രദ്ധ സവിനയം ക്ഷണിക്കുന്നു. തളിപ്പറമ്പ് വികസന പരിശീലന കേന്ദ്രത്തിന്റെ ഉടമസ്ഥതയിലുള്ള ഫാമിൽ ഗെയിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് ഗ്രാമവികസന കമ്മീഷണർ അനുമതി നൽകിയിരുന്നു. ഗെയിൽ പൈപ്പ് ലൈൻ കടന്നു പോകുന്ന ഭാഗത്തെ ഗെയിൽ അധികൃതർ മുറിച്ചുമാറ്റിയ മരങ്ങളുടെ വിലനിർണ്ണയം സംബന്ധിച്ച് റിപ്പോർട്ട് കണ്ണൂർ സോഷ്യൽ ഫോറസ്ട്രി ഓഫീസിൽ നിന്നും ലഭ്യമാക്കി ലേലം യഥാസമയം തന്നെ നടത്തുന്നതിന് നടപടികൾ ആരംഭിച്ചിരുന്നെങ്കിലും അതിവർഷം കാരണം മുറിച്ചുമാറ്റപ്പെട്ട മരങ്ങൾ സൂക്ഷിച്ച പ്രദേശം മുഴുവൻ വെള്ളക്കെട്ടായതിനാൽ മഴ കുറവ് വരുന്ന മുറക്ക് ആഗസ്റ്റ് 2-ാം വാരത്തിൽ പരസ്യമായി ലേലം ചെയ്യുന്നതിന് തീരുമാനിക്കുകയും,

...2

ആദ്യലേലം 17.8.2018 ന് വെക്കുകയും ചെയ്തു. ആദ്യലേലത്തിൽ 5 പേർ പങ്കെടുത്തെങ്കിലും ലേലവസ്തുക്കളായ മരങ്ങൾ വെള്ളത്തിൽ ആണ്ടുകിടക്കുന്നതിനാൽ ലേലത്തിൽ പങ്കെടുക്കുവാൻ എത്തിയവർക്ക് മരങ്ങൾ മുഴുവൻ കാണാൻ പറ്റാത്തതിനാൽ ലേലം നടന്നില്ല. തുടർന്ന് 28.12.18, 16.1.19, 30.1.19 തീയ്യതികളിൽ ലേലം വെച്ചെങ്കിലും ആരും തന്നെ പങ്കെടുത്തിട്ടില്ല. മേൽ വിവരം ഗ്രാമവികസന കമ്മീഷണറെ സൂചന (3) പ്രകാരം അറിയിക്കുകയും ചെയ്തിട്ടുണ്ട്. തളിപ്പറമ്പ് വികസന പരിശീലന കേന്ദ്രത്തിന്റെ ഉടമസ്ഥതയിലുള്ള ഫാമിലൂടെ ഗെയിൽ പൈപ്പ് ലൈൻ കടന്ന് പോകുന്ന ഭാഗത്തെ മുറിച്ച് മാറ്റപ്പെട്ട മരങ്ങൾ ഒരു തവണ കൂടി പത്രപരസ്യം ചെയ്ത് ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്നും, കൂടാതെ കില വഴിയും ലേലത്തിന് പ്രചാരണം നൽകേണ്ടതാണെന്ന് സൂചന (4) പ്രകാരം ഗ്രാമവികസന കമ്മീഷണർ നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ ലേല നോട്ടീസ് കിലയുടെ നോട്ടീസ് ബോർഡിൽ പതിപ്പിക്കുന്നതിനും തുടർ നടപടി സ്വീകരിക്കുന്നതിനുമായി ഇതോടൊപ്പം സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ

പ്രിൻസിപ്പാൾ(i/c)